മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 2.

പോലീസ് നയം

*2 [2] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ;

(ബി) പോലീസിന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ജനപ്രതിനിധികൾക്കും രാഷ്ടീയ പ്രവർത്തകർക്കും പോലീസ് സ്റ്റേഷനുകളിൽ മാന്യമായ പരിഗണന ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ,

(എ) സംസ്ഥാനത്ത് ക്രമസമാധാനം നിലനിറുത്തുകയും നിയമപരിരക്ഷ വിവേചനമില്ലാതെ ഉറപ്പു വരുത്തുകയും, നീതി നിഷ്പക്ഷമായി നടപ്പാക്കുകയും, അഴിമതിക്കും അതിക്രമങ്ങൾക്കും എതിരെ കർശന നടപടിയാണ് ഗവൺമെന്റിന്റെ നയം.

(ബി) 2002-2003 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഉപദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ജസ്റ്റീസ് കെ. റ്റി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്), ശ്രീ. കെ. വി. രാജഗോപാലൻ നായർ, ഐ.പി.എസ്. (റിട്ടയേർഡ് ഡി.ജി.പി.), ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ.എ.എസ്. (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവകലാശാല, റിട്ടയേർഡ് അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവർ അംഗങ്ങളായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാകാലങ്ങളിൽ ശുപാർശ സമർപ്പിക്കുക, കൂടാതെ പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതുകൊണ്ടുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുക, പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നുള്ളതാണ് കമ്മീഷന്റെ പരിധിയിൽ ഉള്ളത്. കമ്മീഷന്റെ കാലാവധി ഒരു വർഷമാണ്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും മാന്യമായി പെരുമാറണമെന്ന് പോലീസിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വാസ്തവത്തിൽ ഈ ചോദ്യം അസ് പെർ റൂൾ ഫസ്റ്റ് കൊസ്റ്റ്യനായി അഡ്മിസ്സിബിളല്ല. എങ്ങനേയോ സെക്രട്ടേറിയറ്റിന്റെ ഓവർസൈറ്റ്കൊണ്ട് വന്നുപോയതാണ്.

ശ്രീ. എ. എ. അസീസ്: സർ, അങ്ങയുടെ മറുപടിയിൽ ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും മാന്യമായി പെരുമാറണമെന്ന പോലീസിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് പറഞ്ഞത്. എന്നാൽ അങ്ങയുടെ നിർദ്ദേശം അംഗീകരിക്കാതെ ജനപ്രതിനിധികളേയും രാഷ്ട്രീയ നേതാക്കൻമാരേയും നിരവധി പോലീസ് സ്റ്റേഷനുകളിൽ അകാരണമായി പീഡിപ്പിക്കപ്പെടുന്നു. അത്തരം കേസ്സുകൾ ചുണ്ടിക്കാണിച്ചാൽ കർക്കശ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: എന്റെ ശ്രദ്ധയിൽപ്പെട്ട കേസ്സുകളെല്ലാം അന്വേഷിച്ചിട്ടുണ്ട്. ചില കേസ്സുകളിൽ നടപടി എടുത്തിട്ടുണ്ട്. ഇനിയും അത്തരം കേസ്സുകൾ ചുണ്ടിക്കാണിച്ചാൽ തീർച്ചയായും നടപടി എടുക്കും. അത്തരം സമീപനം ഗവൺമെന്റ് ഒരിക്കലും അനുവദിക്കുകയില്ല.

ശ്രീ. എ. എ. അസീസ്: നിലവിലുള്ള പോലീസ് നയം അനുസരിച്ച് പോലീസ് സബ് ഇൻസ്പെക്ടർമാരെ അവരവരുടെ സ്വന്തം ജില്ലകളിൽ നിയമിക്കപ്പെടാതെ അന്യ ജില്ലകളിലേക്ക് നിയമിക്കപ്പെടുന്നു. അതുമൂലം സ്ഥലപരിചയമോ ജനപ്രതിനിധികളുമായി ബന്ധമോ ഇല്ലാത്ത ഒരു പ്രദേശത്ത് ചെല്ലുമ്പോൾ പോലീസ് സേനയിലെ താപ്പാനകളായ ഹെഡ് കോൺസ്റ്റബിൾമാരും പോലീസുകാരും ആ സ്റ്റേഷനിലെ ഭരണം കയ്യിലെടുക്കുകയും എസ്.ഐ.-മാർ അവരുടെ നിയന്ത്രണത്തിന് വിധേയരാകുകയും ചെയ്യുന്നു. പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ സബ് ഇൻസ്പെക്ടർമാരെ അവരവരുടെ ജില്ലകളിൽതന്നെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ചരിത്രപരമായ കാരണങ്ങളാൽ കേരള പോലീസിൽ മാത്രമല്ല മിക്ക ഡിപ്പാർട്ടുമെന്റുകളിലും ചില ജില്ലകളിൽ നിന്നാണ് കൂടുതൽ ജീവനക്കാരുള്ളത്. എല്ലാ ജില്ലയിലും സേവനം നടത്താൻ ആവശ്യമായ ഉദ്യോഗസ്ഥൻമാർ പല ജില്ലകളിലുമില്ല. നിയമം പണ്ടുമുതൽ ഉള്ളതാണ്. അതിൽ എന്തെങ്കിലും പരിഷ്കാരം ആവശ്യമുണ്ടെങ്കിൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെ സുതാര്യമായ ഒരു പോലീസ് സേന കേരളത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടി കേരളത്തിലെ പോലീസ് വകുപ്പിൽ നവീകരണം നടപ്പിലാക്കിയും പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ടും ബഹുരാന്യനായ മുഖ്യമന്ത്രി നമ്മുടെ ആഭ്യന്തര വകുപ്പിന് ഒരു പുതിയ മുഖം നൽകി വരുകയാണ്. എന്നാലും നമ്മുടെ പോലീസ് സേനയിലെ ഒരു വിഭാഗം ആളുകൾ അഴിമതി നടത്തുന്നതിൽപോലും

LIBRARY ARCHIVES Kerala Legislative Assembly

കുറവില്ലാത്ത രീതിയിലാണ്. മുഖ്യമന്ത്രിയുടെ പോലീസ് സേനയെപ്പോലും അട്ടിമറിക്കുകയും പൊതുജനമദ്ധ്യത്തിൽ ദുർബലമാക്കുകയും ചെയ്യുന്ന സമീപനം ഇന്ന് നടത്തി വരുകയാണ്. അതുകൊണ്ട് വിജിലൻസ് വിഭാഗത്തെ കൂടുതൽ ശക്തമാക്കി പോലീസ് സേനയിലെ അഴിമതി കണ്ടെത്താനും പോലീസ് ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുംവേണ്ടി പോലീസിലെ വിജിലൻസിനെ കൂടുതൽ ശക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): വിജിലൻസ് ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ ഗവൺമെന്റ് പടിപടിയായി സ്വീകരിച്ചു വരുകയാണ്. മുമ്പ് ഒരിക്കലും ഉണ്ടാകാത്ത നിലയിലുള്ള തുടർച്ചയായ വിജിലൻസ് റെയ്ഡുകൾ ഇപ്പോൾ നടക്കുന്നുണ്ട്. പണ്ട് വിജിലൻസ് റെയ്ഡുകൾ ചില ഡിപ്പാർട്ടുമെന്റിൽ മാത്രം ഒതുങ്ങി നിന്നിരുന്നു. ഇപ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വിജിലൻലസ് റെയ്ഡുകൾ നടത്തുന്നുണ്ട്. ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിൽകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പോലീസ് ഉൾപ്പെടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പല ഉദ്യോഗസ്ഥൻമാരേയും പിടികൂടി നടപടി എടുത്തിട്ടുണ്ട്. ഈ റെയ്ഡുകൾ കൂടുതൽ വിപുലമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം വിജിലൻസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും അഴിമതി തടയുന്നതിനും കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കും. വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഏത് ഭാഗത്തുനിന്നും ഉണ്ടായാലും ഗവൺമെന്റ് അത് തീർച്ചയായിട്ടും സ്വാഗതം ചെയ്യുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന തൃശ്ശൂർ ഇപ്പോൾ ഗുണ്ടകളുടേയും മാഫിയകളുടേയും തലസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇത്തരം മാറ്റത്തിന് കാരണം പോലീസിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയമാണ്. അതുകൊണ്ട് ഈ നയം തിരുത്തി, ഇന്ന് നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗുണ്ടാ മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി പ്രത്യേകമായ എന്തെങ്കിലും നയം സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പരിഷ്ക്കരിക്കുന്നതിനേക്കാൾ ഇൻഡ്യയിലാകമാനം കേരളത്തിലും ക്രിമിനലുകളും കുറ്റവാളികളും അവരുടെ രീതിയും പരിഷ്ക്കരിക്കാറുണ്ട്. അതിന്റെ ഫലമായി ഇത്തരം സംഭവങ്ങൾ ഇന്ന് പഴയ കാലത്തേക്കാൾ കൂടുതൽ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാകാറുണ്ട്. പക്ഷേ പല സംസ്ഥാനങ്ങളിലും അതിശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ പല സംസ്ഥാനങ്ങളിൽ ഷൂട്ട് അറ്റ് സൈറ്റ് ഓർഡർ കൊടുത്ത് പോലീസിന് അധികാരം കൊടുത്തിരിക്കുകയാണ്. അത് പലപ്പോഴും ദുരുപയോഗപ്പെടുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംഭവങ്ങൾ പല ഭാഗത്തും ഉണ്ടാകുന്നുണ്ട്. അത് ഇരുതലമൂർച്ചയുള്ള ഒരു അധികാരമാണ്. എന്തായാലും ഞങ്ങൾ ആ പരീക്ഷണത്തിന് പോകാൻ ഉദ്ദേശിക്കുന്നില്ല. മറ്റൊന്ന്, ഇൻഡ്യയിലെ മിക്കവാറും സംസ്ഥാനങ്ങളിൽ ഇപ്പോൾ ഗുണ്ടാ ആക്ട് ഉണ്ട്. കാരണം ഇന്നത്തെ ആക്ട് അനുസരിച്ച് താങ്കൾ സൂചിപ്പിച്ച തരത്തിലുള്ള ഏത് ഗുണ്ടയാണെങ്കിലും അറസ്റ്റു ചെയ്തു കഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ കോടതിയിൽ പ്രൊഡ്യൂസ് ചെയ്യാം. അവർ അപ്പോൾ തന്നെ ജാമ്യം എടുത്ത് പോവുകയാണ്. ഇത് തടയുന്നതിനായി മിക്കവാറും സംസ്ഥാനങ്ങളിൽ അതിശക്തമായ നിയമനിർമ്മാണം ഉണ്ട്. കേരളത്തിൽ ഇങ്ങനെ ഒരു നിയമനിർമ്മാണം ഉണ്ടാകുന്നില്ലെങ്കിൽ ഗുണ്ടകളെ ഫലപ്രദമായി തടയുന്നതിന് പോലീസിന് പ്രയാസമുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്തു മാത്രമല്ല, മുൻ ഗവൺമെന്റിന്റെ കാലത്തും കേരളാ പോലീസ് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇവിടെ നിലനിൽക്കുന്ന പ്രത്യേക അന്തരീക്ഷംകൊണ്ട് ഗുണ്ടാനിയമം കൊണ്ടുവരുന്നു എന്ന പ്രഖ്യാപനം വന്നാൽ അതിനെത്തുടർന്നുണ്ടാകുന്ന ചില പ്രതികരണം കഴിയുമ്പോൾ ഗവൺമെന്റുകളെല്ലാം അതിൽ നിന്നും പിൻമാറുന്ന സാഹചര്യം വരും. ഏതായാലും നിലവിലുള്ള നിയമം കൊണ്ടുമാത്രം ഈ സ്ഥിരം കുറ്റവാളികളേയും ഗുണ്ടകളേയും അമർച്ച ചെയ്യുക പ്രയാസമാണ്. അതുകൊണ്ട് ഈ ആന്റി സോഷ്യൽ എലിമെന്റ്സിനെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം വേണം എന്ന നിഗമനത്തിലാണ് ഗവൺമെന്റ് എത്തിയിരിക്കുന്നത്. എന്നാൽ മാത്രമേ നമുക്ക് ഫലപ്രദമായി ഗുണ്ടകളെ തടയാൻ സാധിക്കുകയുള്ളൂ. പക്ഷേ അതിന് നിയമനിർമ്മാണം നടത്തുന്നതുവരെ കാത്തിരിക്കാതെ ഈ അടുത്ത ദിവസങ്ങളിൽ കുറച്ചുകൂടി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം ഗുണ്ടകൾക്ക് എതിരായും മോഷ്ടാക്കൾക്ക് എതിരായും ഉള്ള കാമ്പെനും നടപടികളും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഒറ്റപ്പെട്ട ചില കേസുകളും ഉണ്ടായിട്ടുണ്ട്. ആ കേസിന്റെ തുമ്പ് കണ്ടെത്താൻ ശ്രമിക്കുകയാണ്. ഏതായാലും അവിടത്തെ സ്ഥിതി ഇപ്പോൾ മെച്ചപ്പെട്ട് വരുന്നുണ്ട്. ഇനിയും കൂടുതൽ മെച്ചപ്പെടും.

<u>ശ്രീ. എം. മുരളി:</u> സർ, പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം കൊടുത്തശേഷമുള്ള കഴിഞ്ഞ രണ്ടു വർഷക്കാലത്തെ സംസ്ഥാനത്തെ വിവിധ രംഗങ്ങളിലെ കുറ്റകൃത്യങ്ങളുടെ കണക്ക് പോലീസിന് രാഷ്ട്രീയ നിയന്ത്രണം ഉണ്ടായിരുന്ന മുൻ കാലഘട്ടങ്ങളിലെ കണക്കുമായിട്ട് താരതമ്യപഠനം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഗവൺമെന്റ് വിലയിരുത്തുമോ?

<u>ശ്രീ. എ. കെ. ആന്റണി:</u> ഇത് നിഷ്പക്ഷമായി വിലയിരുത്താൻവേണ്ടിയാണ് ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായിട്ടുള്ള പെർഫോമൻസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ തെരഞ്ഞെടുപ്പിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃശ്ശൂർ പോലീസ് അക്കാഡമിയിൽ പാസ്സിംഗ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ചതിനുശേഷം നടത്തിയ പ്രസംഗത്തിൽ പോലീസിന് നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തിയതായും ജനങ്ങളുടെ മേൽ പോലീസ് കടന്നു കയറ്റം നടത്തിയതായിട്ടുമുള്ള പ്രസ്താവന പത്രങ്ങളിലൊക്കെ വന്നതാണ്. ഇന്നത്തെ ഈ നയത്തിൽ കാതലായ ചില മാറ്റങ്ങൾക്ക് സാദ്ധ്യതയുണ്ട് എന്ന സൂചനയും നൽകി. ആ സാഹചര്യത്തിലാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. നഗരങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിൽ പോലും ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപകമായ രീതിയിൽ ശക്തിപ്പെടുന്നു. ജനങ്ങൾക്ക് ഭീതിയും ആശങ്കയും ഉണ്ടായിട്ടുള്ളത് കണക്കിലെടുത്തുകൊണ്ട് അത് തടയാൻ എന്തൊക്കെ നടപടികൾ എടുക്കുന്നു; അതോടൊപ്പം തന്നെ അത്തരം കുറ്റവാളികളെ സംരക്ഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ആന്റണി: പോലീസിന് നൽകിയ സ്വാതന്ത്ര്യം എല്ലാവരും ദുരുപയോഗപ്പെടുത്തുന്നു എന്ന് അടച്ച ഒരു സ്റ്റേറ്റ്മെന്റ് ഞാൻ നടത്തിയിട്ടില്ല. ചിലർ ദുരുപയോഗപ്പെടുത്തുന്നു എന്നാണ് പറഞ്ഞത്. നന്നായി പെരുമാറുന്ന ധാരാളം ആളുകൾ ഉണ്ട്. അത് പോലീസിൽ മാത്രമല്ല കിട്ടുന്ന അധികാരം ദുരുപയോഗപ്പെടുത്തുന്ന ആളുകൾ എല്ലായിടത്തും ഉണ്ട്. പോലീസിൽ അത്തരം ദുരുപയോഗം ജനങ്ങളിൽ വളരെ പ്രയാസമുണ്ടാക്കുന്നു. അതുകൊണ്ട് അത്തരം അധികാരങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ നിരന്തരമായ ജാഗ്രത വേണമെന്ന ആഗ്രഹം ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് താക്കീത് രൂപത്തിൽ പോലീസ് ഇങ്ങനെ നിർദ്ദേശം കൊടുക്കാൻ ഇടയായത്. കിട്ടുന്ന അധികാരം ഉദ്യോഗസ്ഥൻമാർ ദുരുപയോഗപ്പെടുത്തരുത്. പ്രത്യേകിച്ചും പോലീസ് ഉദ്യോഗസ്ഥൻമാർ. അതേസമയത്ത് 24 മണിക്കൂറും മഴയിലും വെയിലിലും മറ്റ് എല്ലാ സാഹചര്യത്തിലും കുടുംബം പോലും ഉപേക്ഷിച്ചുകൊണ്ട് പണിയെടുക്കുന്ന പോലീസിനെ നിരന്തരമായി കല്ലെറിഞ്ഞുകൊണ്ട് അവരുടെ മനോവീര്യം നഷ്ടപ്പെടുത്തുന്നത് ശരിയല്ല. മറ്റ് ഏത് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തേക്കാളും ശ്രമകരമാണ് പോലീസിന്റെ ജോലി എന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ദുരുപയോഗം എവിടെ കണ്ടാലും അതിനെതിരായി നടപടി സ്വീകരിക്കുകയും ചെയ്യും. താങ്കൾ ഇവിടെ സൂചിപ്പിച്ചതു പോലെ വളരെ വസ്തുനിഷ്ഠമായി, സത്യസന്ധമായി വിലയിരുത്തുകയാണെങ്കിൽ എന്റെ മൂന്നു വർഷക്കാലത്തെ അനുഭവം വച്ച് ഗുണ്ടകൾ എന്നുള്ളതിനെ കുറിച്ചുള്ള സമീപനം തന്നെ വ്യത്യസ്ഥമാണ്. ഗുണ്ടകളെ പിടിച്ചുകഴിഞ്ഞാൽ അവർ ഗുണ്ടകളല്ല, ഞങ്ങളുടെ പ്രവർത്തകരാണ് അവരെ വിടണം എന്ന് പറഞ്ഞ് ഗുണ്ടകളെ സംരക്ഷിക്കപ്പെടുന്ന സമീപനം അറിഞ്ഞോ അറിയാതേയോ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും കേരളത്തിലെ വ്യവസായികളും അടുത്ത കാലത്തായി വളർന്നുവന്ന ഹയർ പർച്ചേസ് ഗ്രൂപ്പുകളും നടത്തുന്നുണ്ട്. പോലീസ്

ഗുണ്ടകളെ പിടിക്കുമ്പോൾ അവരെ വിടുവിക്കാൻ പോലീസിനെ സമീപിക്കുന്നതും വിടുവിച്ചില്ലെങ്കിൽ സ്വന്തക്കാരെ പിടിച്ച് പീഡിപ്പിക്കുന്നു എന്ന് ആക്ഷേപിക്കുന്നതും അത്തരം ആൾക്കാർ തന്നെയാണ്. നമ്മുടെ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ഗുണ്ടകളെ പ്രോത്സാഹിപ്പിക്കാതിരിക്കാനുള്ള മനോഭാവം സമൂഹത്തിൽ വളർന്നു വന്നില്ലെങ്കിൽ ഗുണ്ടകളുടെ എണ്ണം ഇനിയും കൂടും. പക്ഷേ ഗുണ്ടകൾക്കെതിരായി മുഖം നോക്കാതെ, കക്ഷി നോക്കാതെ, മറ്റ് തരത്തിലുള്ള സാമ്പത്തികസ്ഥിതി നോക്കാതെ അതിശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇനിയും ആ പ്രവർത്തനം കുറേക്കൂടി ശക്തിപ്പെടുത്താവുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, വളരെ വർഷങ്ങൾക്ക് മുമ്പുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പോലീസ് സ്റ്റേഷനുകൾ പലതും സ്ഥാപിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളുടെ വ്യാപനവും അതുപോലെ ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യവും കണക്കിലെടുത്തുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ ജുറിസ്ഡിക്ഷനുകൾ നിർണ്ണയിക്കാനും പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനും നയപരമായ തീരുമാനങ്ങൾ എടുത്ത് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഗവൺമെന്റ് ഇക്കാര്യം ഗൗരവമായിട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷനുകളുടെ മാത്രമല്ല പോലീസ് സേനാംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം, ഇന്നത്തെ പോലീസിന് ജോലിഭാരം വളരെ കൂടുതലാണ്. 24 മണിക്കൂറും ഡ്യൂട്ടി ചെയ്ത്, ഡ്യൂട്ടി ചെയ്ത്—അവരും മനുഷ്യരാണ്. പലപ്പോഴും അവരുടെ മനോഭാവത്തിൽ മാറ്റം വരുന്നുണ്ട്. അതുകൊണ്ട് പോലീസിന്റെ ജോലിഭാരം കുറയ്ക്കണമെങ്കിൽ പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യവും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ജനപ്രതിനിധികളോട് മാന്യമായി പെരുമാറണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മുൻമന്ത്രിയായ ശ്രീ. ശിവദാസമേനോനെ നടുറോഡിലിട്ട് പോലീസ് മൃഗീയമായി മർദ്ദിച്ചത്. എം.പി.-മാരായിട്ടുള്ള ശ്രീ. കൃഷ്ണദാസിനേയും, അജയകുമാറിനേയും, റ്റി. ഗോവിന്ദനേയും, ഇപ്പോൾ എം.പി. ആയിട്ടുള്ള പി. കരുണാകരനേയും, എം.എൽ.എ. ആയിട്ടുള്ള ശ്രീ. ഗോവിന്ദൻ മാസ്റ്ററേയും മൃഗീയമായി പോലീസ് മർദ്ദിച്ച സംഭവത്തെക്കുറിച്ച് ഒരു അന്വേഷണമെങ്കിലും നടത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം നിരാകരിച്ച ഈ ഗവൺമെന്റ് ലോക്സഭാ തെരഞ്ഞെടുപ്പു വിധിയുടെ പശ്ചാത്തലത്തിലെങ്കിലും അതിനെക്കുറിച്ച് ഒരു അന്വേഷണത്തിന് ഉത്തരവ് ഇടാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: പോലീസ് മർദ്ദനത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഒരു പുതുമയല്ല. ഇവിടെയിരിക്കുന്ന ബഹുമാന്യരായ ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതുപോലെ തന്നെ ശ്രീ. അടൂർ പ്രകാശ് എന്നിവർക്കും ശ്രീ. വി. എസ്. വിജയരാഘവൻ തുടങ്ങിയവർക്കും മർദ്ദനമേറ്റിട്ടുണ്ട്. ഞാൻ അടുത്ത ദിവസം ശവസംസ്കാര ചടങ്ങിൽ പങ്കെടുത്ത, അന്തരിച്ചുപോയ ബാലന്റെ കൈ പോലീസ് മർദ്ദനംമൂലം ഒടിഞ്ഞു, അതിനുശേഷമാണ് അദ്ദേഹത്തിന്റെ ആരോഗ്യം മുഴുവൻ നഷ്ടപ്പെട്ടത്. ഇങ്ങനെയുള്ള സംഭവങ്ങൾ കേരളത്തിൽ ഒരുപാട് നടക്കുന്നുണ്ട്. ഞാൻ അതിനെയൊന്നും ന്യായീകരിക്കുന്നില്ല. ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് അത്തരം നടപടികൾ പരമാവധി നിയന്ത്രിക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കുറ്റം ചെയ്തു എന്ന് തോന്നുന്ന കേസുകളിൽ നടപടികൾ എടുത്തിട്ടുണ്ട്. പാലക്കാട് കേസിൽ ശ്രീ. ശിവദാസമേനോനെപ്പോലും മർദ്ദിച്ചു എന്നു പറയുന്ന കേസിനെക്കുറിച്ച് നിങ്ങൾ അസംബ്ലിയിൽ പറയുകയുണ്ടായി. അതിനുശേഷം പ്രതിപക്ഷ നേതാവ് കത്ത് അയക്കുകയും ചെയ്തപ്പോൾ, ശിവദാസമേനോനെ പോലീസ് മർദ്ദിച്ച കാര്യം—ആ ആരോപണത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് അസംബ്ലിയിലും പറഞ്ഞു, പ്രതിപക്ഷ നേതാവിനോടും പറഞ്ഞു, പക്ഷേ അദ്ദേഹം അപ്പോൾ അതിന്റെ പരിധി വർദ്ധിപ്പിച്ചു. ശിവദാസമേനോനെ മർദ്ദിച്ചത് മാത്രം പോരാ, ആ ദിവസം ജില്ലയിൽ ഉടനീളം നടന്നുവെന്ന് പറയുന്ന മുഴുവൻ സംഭവങ്ങളും അന്വേഷിക്കണമെന്നു പറഞ്ഞു. അത് സാദ്ധ്യമല്ല എന്ന് പറഞ്ഞു. ഇന്നും പറയുന്നു. ശിവദാസമേനോനെ മർദ്ദിച്ച, ആ ഒറ്റ സംഭവം മാത്രം അന്വേഷിക്കുന്നതിന്, പ്രതിപക്ഷ നേതാവ് സഹകരിക്കുമെങ്കിൽ ഇപ്പോഴും ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാണ്. അല്ലാതെ കേരളത്തിൽ വ്യാപകമാക്കാനോ, ജില്ലയിൽ വ്യാപകമാക്കാനോ പോയാൽ അത് നടക്കില്ല. ശിവദാസമേനോനെ മർദ്ദിച്ചതായിട്ടുള്ള ആരോപണം ഗവൺമെന്റ് ലഘുവായിട്ട് കാണുന്നില്ല. പ്രതിപക്ഷം സഹകരിക്കുകയാണെങ്കിൽ ശിവദാസമേനോനെ മർദ്ദിച്ചതായിട്ടുള്ള ആ ഒറ്റ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നമ്മുടെ സംസ്ഥാനത്ത് കൊലപാതകങ്ങൾ, ദുരൂഹ മരണങ്ങൾ, അതുപോലെ തന്നെ കവർച്ച, അത് ചില പ്രദേശങ്ങളിൽ അതിശക്തമായി ഉണ്ട്, എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കപ്പെടുന്നു. സോഫ്റ്റാകുന്ന ഒരു സമീപനം പോലീസിനെ സംബന്ധിച്ചിടത്തോളം അവരുടെ പ്രവർത്തനത്തിന് എത്രമാത്രം മൂർച്ചയുണ്ടാകും എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ചൂണ്ടിക്കാണിച്ചു. ഞാൻ ചോദിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്ന ദുരൂഹ മരണങ്ങൾ, കൊലപാതകങ്ങൾ അതുപോലെ കവർച്ചകൾ ഇതുസംബന്ധിച്ച് ആഭ്യന്തര മന്ത്രിയെന്ന നിലയിൽ അങ്ങയുടെ നേതൃത്വത്തിൽ പോലീസ് വിഭാഗത്തെ ഇടയ്ക്ക് വിളിച്ചിരുത്തി ഇതിനെ സംബന്ധിച്ച് എൻകൗയറി നടത്തുകയും സമയബന്ധിതമായി ഇക്കാര്യങ്ങൾ അന്വേഷിക്കണം എന്നുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്ന നടപടിയുണ്ടോ? ഇല്ലെങ്കിൽ അത് ചെയ്യുന്നതിന് അങ്ങ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: തീർച്ചയായും അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. ഞാൻ ഇടയ്ക്കിടെ പരിശോധിക്കാറുണ്ട്. ഈ അടുത്ത കാലത്തുതന്നെ അങ്ങയുടെ നിയോജകമണ്ഡലത്തിലുണ്ടായ ഒരു സംഭവം, അത് നിരന്തരമായി ഞാൻ തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. എന്തു വില കൊടുത്തും ആ കേസ് തെളിയിക്കണം. കുറ്റവാളികളെ പിടികൂടണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പ്രമാദമായ കേസുകൾ വരുമ്പോൾ അത് പ്രത്യേകമായി ഞാനും ശ്രദ്ധിക്കാറുണ്ട്. അത്തരം കേസുകളിൽ കുറ്റവാളികളെ കണ്ടെത്തി അവർക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എപ്പോഴും ജാഗ്രത പുലർത്താറുണ്ട്. ഇക്കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന ലാത്തിച്ചാർജ്ജും മർദ്ദനങ്ങളും മാത്രമല്ല, കേരളത്തിൽ പോലീസ് കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും നിയമ സംരക്ഷണത്തിനും വേണ്ടിയുള്ള ഉപകരണമാണല്ലൊ. ഇവിടെ ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിൽ കേരളത്തിൽ ഒരു ലക്ഷം പേർക്ക് 326.3 എന്ന നിരക്കിലാണ് കുറ്റകൃത്യങ്ങൾ നടക്കുന്നത് എന്നു പറയുന്നു. ദേശീയാടിസ്ഥാനത്തിൽ അത് ശരാശരി 172.6 ആണ്. കേരളത്തിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. കുറ്റകൃത്യങ്ങൾ പെരുകുകയും പോലീസിന്റെ നടപടികൾ—പോലീസ് കൃത്യമായി ആക്ട് ചെയ്യാത്തത്, കുറ്റവാളികളോടു കാണിക്കുന്ന പോലീസിന്റെ ചില സമീപനം ഇവയ്ക്കെല്ലാം പുറമെ ഇപ്പോൾ ഡിവൈ.എസ്.പി.-യുടെ പേരിൽത്തന്നെ ചില റിപ്പോർട്ടുകൾ പുറത്തു വന്നിട്ടുണ്ട്. മാഫിയാ, ബ്ലേഡ് സംഘങ്ങൾക്ക് ഡിവൈ.എസ്.പി. കൂട്ടുനിൽക്കുന്നു. ഇതെല്ലാം ഇല്ലാതാക്കാൻ എന്തെങ്കിലും ഗൗരവമായ നടപടി ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയത്തിൽ നിന്ന് പലരും പഠിച്ചതിന്റെ ഭാഗമായി അങ്ങ് വല്ല നടപടിയും സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: ഇവിടെ അടുത്ത കാലത്ത് ചാർജ് ചെയ്ത കേസുകളുടെ എണ്ണം കൂടാനുള്ള പ്രധാന കാരണം നിരന്തരമായ സമരങ്ങളാണ്. ഹൈക്കോടതി നിർദ്ദേശപ്രകാരം ഈ സമരങ്ങൾക്കെല്ലാം എതിരായിട്ട് കേസ് എടുക്കണം. ആ ഓരോ കേസും കേസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നു. ഇപ്പോൾ തന്നെ സെക്രട്ടറിയേറ്റിന്റെ പടിക്കൽ പകൽ സമയത്തുള്ള ജാഥ നിരോധിച്ചിരിക്കുകയാണ്. ജാഥ ധാരാളം നടക്കുന്നുണ്ട്. ആ ജാഥയിൽപ്പെട്ട എല്ലാപേർക്കും എതിരായി കേസ് എടുക്കണം. അതുപോലെ സമരങ്ങളും. ദയവുചെയ്ത് നിയമ ലംഘനം കുറച്ചാൽ കേസിന്റെ എണ്ണം വളരെ കുറയ്ക്കാൻ സാധിക്കും. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പത്തു ദിവസം തുടർച്ചയായിട്ട് കളക്ട്രേറ്റ്, സെക്രട്ടറിയേറ്റ് ഇവ സ്തംഭിപ്പിച്ച് അങ്ങനെയുള്ള സമരങ്ങൾ, ആ സമരങ്ങളിലെല്ലാം കേസ് എടുക്കാൻ ഹൈക്കോടതിയുടെ നിബന്ധനപ്രകാരം പോലീസ് ബാദ്ധ്യസ്ഥരാണ്.

അത്തരം സമരങ്ങൾ നിങ്ങൾ നടത്തിയാൽ കേസുകളുടെ എണ്ണം വർദ്ധിക്കും. ഇപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ചെറിയ കുറ്റങ്ങൾക്കുപോലും കേസുകൾ എടുക്കുന്നുണ്ട്. അതാണ് കേസുകളുടെ എണ്ണം കൂടാൻ കാരണം. അത് കൂടുതലും പെറ്റി കേസുകളാണ്. അതുമായിട്ട് മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന കൂട്ടക്കൊലപാതകങ്ങളും, മാഫിയ കേസുകളുമായിട്ട് താരതമ്യപ്പെടുത്തരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അങ്ങയുടെ മറുപടിയിൽ വളരെ സന്തോഷകരമായിട്ടുള്ള ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഗുണ്ടാ ആക്ട് നടപ്പിലാക്കാൻ ഉടൻതന്നെ നടപടി എടുക്കുമെന്ന് അങ്ങ് പറഞ്ഞു. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ എല്ലാപേരും കുറ്റക്കാരല്ല എന്ന് അങ്ങ് നയപ്രഖ്യാപനം പോലെ പറഞ്ഞു. മറിച്ച് ചില ഉദ്യോഗസ്ഥൻമാരും ചില രാഷ്ട്രീയക്കാരും കുഴപ്പക്കാർ ആണെന്ന് പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടു. ജനാധിപത്യ വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റ് നിലനിൽക്കുമ്പോൾ, ഒരു മന്ത്രിയുള്ളപ്പോൾ ഉദ്യോഗസ്ഥൻമാർ നയപ്രഖ്യാപനം നടത്തുന്നത് ശരിയല്ല എന്നാണ് എന്റെ വിശ്വാസം. അങ്ങ് എന്ത് വിശ്വസിക്കുന്നു എന്ന് എനിക്കറിയില്ല. പക്ഷെ ഗുണ്ടാ ആക്ട് നിലവിൽ വരുന്നതിന് മുമ്പ് തന്നെ അതിമിടുക്കൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാർ പോലീസ് വകുപ്പിൽ ഉണ്ടായിരുന്നു എന്ന അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. അത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരെ മഞ്ഞവര ക്രോസ് ചെയ്യുന്നവരെ പിടിക്കാൻ നിയോഗിക്കാതെ, അവരെ ഉപയോഗിച്ചു കൊണ്ട് ഈ ഗുണ്ടാസംഘങ്ങളെ തടയുന്നതിനുള്ള പ്രത്യേക സ്കാഡുകൾ വ്യാപകമായി സംസ്ഥാനത്ത് ഉടനീളം ഉണ്ടാക്കി കുറ്റവാളികളായ ഗുണ്ടകളെ നിയമത്തിന് മുൻപിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ഗുണ്ടകൾക്കും മോഷ്ടാക്കൾക്കും എതിരായിട്ട് ഒരു സ്പെഷ്യൽ ഡ്രൈവ് തന്നെ ഈ മാസം മുതൽ ആരംഭിക്കുകയാണ്. അങ്ങ് പറഞ്ഞ നിർദ്ദേശവും ഗവൺമെന്റ് ഗൗരവമായിട്ട് പരിഗണിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ജില്ല വിട്ടുള്ള ട്രാൻസ്ഫറുകളെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ പോലീസ് ഓഫീസർമാരും, കോൺസ്റ്റബിൾമാരുമടക്കം ജില്ല വിട്ട് മാറുന്ന നയം ഒട്ടേറെ ബുദ്ധിമുട്ടുകൾ ഈ പോലീസുകാർക്ക് ഉണ്ടാക്കിയിട്ടുണ്ട്. ഈ പോലീസുകാരെയെങ്കിലും ഈ ജില്ല വിട്ടുള്ള ട്രാൻസ്ഫർ നയത്തിൽ നിന്ന് ഒന്ന് മാറ്റിക്കൊടുക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ആന്റണി: ഞാൻ നേരത്തെ പറഞ്ഞല്ലൊ, നിലവിലുള്ള നിയമമാണ്, ഗവൺമെന്റ് അത് പരിശോധിക്കാം. പരാതികൾ തീർച്ചയായിട്ടും പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ: സർ, ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം പോലീസിൽ കാതലായിട്ടുള്ള അഴിച്ചുപണിയും അവരുടെ വീഴ്ചകൾക്ക് പരിഹാരവും ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. നയം മാറ്റിയെന്ന് പറഞ്ഞിട്ട് കേരളത്തിലെ ഒരു പ്രമുഖ പത്രം ഒരു ഫുൾ പേജ് അദ്ദേഹത്തിനുവേണ്ടി അന്ന് നീക്കിവയ്ക്കുകയും ചെയ്തു. അതിന്റെ അർത്ഥം കഴിഞ്ഞ മൂന്നു വർഷക്കാലത്ത് പോലീസ് നയത്തിൽ കാതലായ തെറ്റുകൾ സംഭവിച്ചു എന്നല്ലേ. ബഹുമാന്യനായ ശിവദാസമേനോനെയടക്കം മർദ്ദിച്ചതുൾപ്പെടെയുള്ള സംഭവങ്ങൾ മനസ്സിൽ വച്ചുകൊണ്ടായിരിക്കും കുറ്റസമ്മതം പോലെ അദ്ദേഹം പറയുകയുണ്ടായത്. ഇപ്പോഴും ജനപ്രതിനിധികളെ അധിക്ഷേപിക്കുകയും അവർക്ക് ഹിതകരമല്ലാത്ത രീതിയിൽ പെരുമാറുകയും ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ഞാനും ഭരണപക്ഷത്തെ യു. സി. രാമനും ചേർന്ന് താമരശ്ശേരി എസ്.ഐ. ആയിരുന്ന ശ്രീരാജിനെതിരെ കാര്യകാരണങ്ങൾ സഹിതം തെളിവുകൾ ഉൾപ്പെടെ പരാതി സമർപ്പിച്ചിട്ട് രണ്ടു വർഷമായി. ആ പോലീസ് ഉദ്യോഗസ്ഥനെ സർക്കിൾ ഇൻസ്പെക്ടറായി പ്രൊമോട്ട് ചെയ്തിരിക്കുകയാണ്. പച്ചമരത്തിന് തീ പിടച്ചിരിക്കുകയാണ്. പിന്നെ ഉണക്ക മരത്തിന്റെ കാര്യം പറയാനുണ്ടോ. ഈ ശ്രീരാജ് എന്നുപറയുന്ന പോലീസ് ഉദ്യോഗസ്ഥൻ ചട്ടവിരുദ്ധമായി പെരുമാറിയത് സംബന്ധിച്ച്, ഞാനും ബഹുമാന്യനായ യു. സി. രാമൻ എം.എൽ.എ.-യും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ നയം മാറ്റിയ സാഹചര്യത്തിലെങ്കിലും അങ്ങ് തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ ഒന്ന് മുറിവേൽപ്പിക്കാൻ പറഞ്ഞതാണെങ്കിലും എനിക്ക് വിരോധമൊന്നുമില്ല, ഞങ്ങൾ തോറ്റവരാണ്, പക്ഷെ നിങ്ങൾ എങ്ങനെ ജയിച്ചു എന്നതിനെക്കുറിച്ച് നിങ്ങളുടെ റിപ്പോർട്ട് തന്നെ ഞാൻ വായിച്ചു, അതിന്റെ കോപ്പി ഞാൻ വായിച്ചപ്പോഴാണ്..... അതിനെക്കുറിച്ച് ഇപ്പോൾ ഞാൻ പറയുന്നില്ല, വേറൊരവസരത്തിൽ പറയാം. കഴിഞ്ഞ ഇലക്ഷൻ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു താക്കീതാണ്. അത് പോലീസ് ഡിപ്പാർട്ടുമെന്റ് മാത്രമല്ല, ഗവൺമെന്റിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനത്തെ വിലയിരുത്തി എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും തെറ്റുകൾ തിരുത്തിക്കൊണ്ട് ജനങ്ങളുടെ വിധി മാനിച്ചുകൊണ്ട് ഇനി കുടുതൽ തിരുത്തലുകളുമായിട്ട് മുന്നോട്ടു പോകാനാണ് തീരുമാനിച്ചിരിക്കുന്നത്. അത് നിങ്ങൾ തമാശയായിട്ട് പറഞ്ഞതാണെങ്കിലും ഞാൻ ഗൗരവമായിട്ടുതന്നെ എടുത്തിരിക്കുകയാണ്, ഗവൺമെന്റും ഗൗരവമായിട്ടെടുത്തിരുക്കുകയാണ്. മറ്റേ പറഞ്ഞ പ്രശ്നം, അന്വേഷണത്തിന്റെ റിപ്പോർട്ട് ഇപ്പോൾ ഒറ്റയടിക്ക് ചോദിച്ചാൽ എനിക്ക് പറയാൻ സാദ്ധ്യമല്ല. ഏതായാലും അതിനെക്കുറിച്ചും അന്വേഷിച്ചിരുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)